# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3489 30.01.2014-ൽ മറുപടിയ്ക്ക്**

**എ. ടി. എം. സെന്ററുകളിലെ സുരക്ഷാ സംവിധാനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ എ. ടി. എം. സെന്ററുകളിൽ എത്തുന്ന ആളുകളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ എ.ടി.എം. കൗണ്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കളുടെ സുരക്ഷാ സംവിധാനങ്ങൾ പോലീസ് അവലോകനം ചെയ്തിട്ടുള്ളതും ആയതു പ്രകാരം സുരക്ഷാ ജീവനക്കാർ നിലവിലില്ലാത്ത എ.ടി.എം. കൗണ്ടറുകളിൽ മതിയായ സുരക്ഷാ ജീവനക്കാരെ 24 മണിക്കൂറും നിയോഗിക്കണമെന്നും സി.സി. ടിവി സംവിധാനം ഇല്ലാത്തിടത്ത് അത് സ്ഥാപിക്കണമെന്നും സി.സി. ടിവി സംവിധാനം കാര്യക്ഷമമാണോയെന്ന് സമയാസമയങ്ങളിൽ പരിശോധന നടത്തണമെന്നും ബന്ധപ്പെട്ട ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, എ.ടി.എം. കൗണ്ടറുകളിൽ ബീറ്റ് ബുക്ക് സ്ഥാപിച്ച് നിരന്തരം പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുമുണ്ട്. |
| ബി) എ. ടി. എം. സെന്ററുകളിലെ സുരക്ഷാ സംവിധാനങ്ങൾ അവലോകനം ചെയ്യുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ബാങ്കുകളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടി എ.ടി.എം. കൗണ്ടറുകളുടേയും ബാങ്കുകളുടേയും സുരക്ഷാ സംവിധാനങ്ങൾ അവലോകനം നടത്തുകയും സുശക്തമായ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| സി) ഒരു സമയം ഒരാൾക്ക് എന്ന തരത്തിൽ ഇടപാടുകൾ നടത്തപ്പെടുന്ന വിധത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ബാങ്കേഴ്സ് മീറ്റിംഗിൽ നടപടി ആവശ്യപ്പെടുമോ ; വ്യക്തമാക്കാമോ? | (സി) എ.ടി.എം. കൗണ്ടറുകളിൽ ഒരു സമയം ഒരാൾക്ക് എന്ന തരത്തിൽ ഇടപാടുകൾ നടത്തുന്നതിനായുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ